തൃശ്ശൂർ ജില്ലാ കലക്ടറുടെ നടപടിക്രമം

(ഹാജർ:- ശിഖ സുരേന്ദ്രൻ, ഐ.എ.എസ്.)

വിഷയം: RFCTLARR Act 2013- തൃശ്ശൂർ ജില്ല – കുന്ദംകുളം താലൂക്ക് – വേലൂർ വില്ലേജ് - വേലൂരിൽ പുതിയ 110സബ്സ്റ്റേഷൻ നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കൽ - സാമൂഹ്യ പ്രത്യാഘാത പഠനത്തിന്റെ വിദഗ്ധ സമിതി റിപ്പോർട്ട് സമുചിത ഗവൺമെന്റ് പരിശോധിച്ച് ഉത്തരവാകുന്നു.

പരാമർശം: 1. 30.10.2025 തിയ്യതിയിലെ കെ എസ് ഇ ബി ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറുടെ നമ്പർ TR/TSR/DBC1/Veloor/2025-26/1342 കത്തും അർത്ഥനയും

2. റവന്യൂ (ബി) വകുപ്പിന്റെ 17.12.2025 തീയതിയിലെ G.O(Rt)No.2817/2025/RD നം ഉത്തരവ്

3. ഈ കാര്യാലയത്തിലെ 02.06.2023 തീയതിയിലെ ഇതേ നമ്പർ നടപടിക്രമം.

4. ഈ കാര്യാലയത്തിലെ 06.01.2026 തീയതിയിലെ ഇതേ നമ്പർ നടപടിക്രമം.

5. 18.05.2026 തീയതിയിലെ കേരള ഗസറ്റ് അസാധാരണം വാല്യം 15 നമ്പർ 1601 ഫോറം 4(1) വിജ്ഞാപനം

6 . 20.08.2026 തീയതിയിൽ സാമൂഹ്യ പ്രത്യാഘാത പഠന യൂണിറ്റായ രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസ് സമർപ്പിച്ച അന്തിമ പഠന റിപ്പോർട്ട്.

7. വിദഗ്ധ സമിതി രൂപീകരിച്ചു കൊണ്ടുള്ള ഈ കാര്യാലയത്തിലെ 05.09.2026 തീയതിയിലെ ഇതേ നമ്പർ നടപടിക്രമം.

8. ഡോ. ബിനു കെ എന്നവരുടെ 06.10.2026 തീയതിയിലെ വിദഗ്ധ സമിതി റിപ്പോർട്ട്.

ഉത്തരവ് നമ്പർ : DCTSR/15271/2025-E1 **തീയതി:15-10-2026**

തൃശ്ശൂർ ജില്ലയിലെ കുന്ദംകുളം താലൂക്കിൽ വേലൂർ വില്ലേജിലെ ഒരു പുതിയ 110 കെവി

സബ്സ്റ്റേഷൻ നിർമ്മിക്കാൻ പൊന്നുംവില നിയമപ്രകാരം ഏറ്റെടുക്കുന്നതിന് പരാമർശം (1) പ്രകാരം കെ എസ് ഇ ബി ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറിൽ നിന്ന് അർത്ഥനയും പരാമർശം (2) പ്രകാരം റവന്യൂ (ബി) വകുപ്പിന്റെ ഉത്തരവും ലഭ്യമായിട്ടുള്ളതാണ്. തൃശ്ശൂർ (എൽഎ) ജനറൽ സ്പെഷ്യൽ തഹസിൽദാരെ ലാന്റ് അക്വസിഷൻ ഓഫീസറായി പരാമർശം (3) പ്രകാരം നിയോഗിച്ചിട്ടുള്ളതാണ്. 29.06.2016ലെ സർക്കാർ ഉത്തരവ് (P) നം. 376/2016/RD പ്രകാരം 200ആർ ൽ താഴെയുള്ള ഭൂമി ഏറ്റെടുക്കലുകളിൽ ജില്ലാ കളക്ടറെ സമുചിത ഗവണ്മെന്റായി നിയോഗിച്ച് ഉത്തരവായിട്ടുള്ളതാണ്.

RFCTLARR Act 2013ലെ സെക്ഷൻ 4 പ്രകാരം ഏറ്റെടുക്കുന്ന ഭൂമിയെ സംബന്ധിച്ച് സാമൂഹ്യ പ്രത്യാഘാതപഠനം നടത്തുന്നതിനായി S I A യൂണിറ്റായ രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസിനെ പരാമർശം (4) പ്രകാരം നിയോഗിച്ചിട്ടുള്ളതും ടി യൂണിറ്റിനെ നിയമിച്ചുകൊണ്ട് RFCT LARR ചട്ടം 11(3) പ്രകാരമുള്ള Form (4) വിജ്ഞാപനം പരാമർശം (5) പ്രകാരം അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതുമാണ്. പദ്ധതി പ്രദേശത്തെ സംബന്ധിച്ച അന്തിമ പഠന റിപ്പോർട്ട് സാമൂഹിക പ്രത്യാഘാതപഠന യൂണിറ്റ് പരാമർശം (6) പ്രകാരം സമർപ്പിച്ചിട്ടുള്ളതും ബന്ധപ്പെട്ട ഇടങ്ങളിൽ പ്രസീദ്ധീകരിച്ചിട്ടുള്ളതുമാണ്. പ്രസ്തുത റിപ്പോർട്ട് വിലയിരുത്തുന്നതിനായി പരാമർശം (7) പ്രകാരം രൂപീകരിച്ച വിദഗ്ധ സമിതി പരാമർശം (8) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്.

തൃശ്ശൂർ ജില്ലയിലെ കുന്നംകുളം താലൂക്കിൽ വേലൂർ വില്ലേജിൽ 110 കെ വി സബ്സ്റ്റേഷൻ പ്രസ്തുത മേഖലയുടെ സമഗ്ര വികസനത്തിന് ഇത് സഹായമാകുമെന്ന് **കരുതാമെന്നും** ഈ പദ്ധതി യാഥാർഥ്യമാകുന്നത് വഴി കാലാ കാലങ്ങളായി പ്രസ്തുത മേഖലയിൽ ഉണ്ടായിരുന്ന വികസന രാഹിത്യത്തിനും വിവിധ പ്രശ്നങ്ങൾക്കും പരിഹാരമാകുമെന്ന് **അനുമാനിക്കാമെന്നും** ഈ പദ്ധതി സാധ്യമാകുന്നത് വഴി ഈ മേഖലയിലെ വ്യാപാര വാണിജ്യ വിനോദ സാംസ്കാരിക സാധ്യതകൾ വർദ്ധിപ്പിക്കുവാനും ജനങ്ങൾക്ക് മെച്ചപ്പെട്ടതും അപകട രഹിതമായ ജീവിതം സാധ്യമാക്കാൻ പറ്റുമെന്ന് പരാമർശം 10 പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്. രാജ്യത്ത് നൂതന ശാസ്ത്രസാങ്കേതിക വിദ്യകൾ ആരംഭിച്ചതിലൂടെ അതിന്റെ അനന്തമായ സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തി പദ്ധതി എത്രയും വേഗം ആരംഭിച്ച സമയ ബന്ധിതമായി അവസാനിപ്പിച്ച ജനങ്ങൾക്കു സമർപ്പിക്കേണ്ടതും, ഇത് കാലഘട്ടത്തിന്റെയും ഭരണകൂടത്തിന്റെയും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി വകുപ്പിന്റെയും ആവശ്യമാണ്. പദ്ധതി പ്രദേശത്തു ആരാധനാലയങ്ങളോ കുട്ടികളുടെ കളിസ്ഥലങ്ങളോ പൊതുസ്ഥലങ്ങളോ ശ്മശാനങ്ങളോ തണ്ണീർത്തടങ്ങളോ സാമൂഹികപരമായി പിന്നോക്കാവസ്ഥയിൽ നിൽക്കുന്ന ജനങ്ങളോ വസ്തുവഹകളോ ചമയങ്ങളോ ഇല്ലാത്തതിനാലും,

വിലയ്ക്ക് എടുക്കുവാൻ ഉദ്ദേശിക്കുന്ന ഭൂമി സ്വകാര്യ വ്യക്തിയുടെയായിരുന്നാലും ഭൂമി ഏറ്റെടുക്കുന്നതിനും ഭൂമി ഏറ്റെടുക്കുന്ന ക്രയ വിക്രിയകൾക്കും നിയമപരമായ യാതൊരു തടസ്സവും തന്നെ കാണുന്നില്ലാത്തതും ഈ പദ്ധതി മറ്റ് ഭൂമി ഏറ്റെടുക്കൽ മാർഗങ്ങളിൽ നിന്നും പ്രശ്നങ്ങൾ ഇല്ലാത്തതിനാലും പദ്ധതിക്കായി ചിലവാക്കുന്ന തുക പിന്നീട് ഗവൺമെന്റിന് ഗുണപ്രദമായി തീരുന്നതിനാലും പദ്ധതി നടപ്പിലാക്കുമ്പോൾ ഉണ്ടാകുന്ന പ്രയോജനങ്ങൾ പ്രസ്തുത ഓഡിറ്റിന്റെ ഭാഗമായി ഉണ്ടാവുന്ന സാമ്പത്തിക ചിലവുകളുടെയും സാമൂഹിക പ്രത്യാഘാതങ്ങളെ അപേക്ഷിച്ചു വളരെ കൂടുതൽ ആയതിനാലും ഈ പദ്ധതി കാലഘട്ടത്തിന്റെ ആവശ്യമാണെന്നതും, ആയിര കണക്കിന് ജനങ്ങൾക്ക് പ്രത്യക്ഷമായും ലക്ഷ കണക്കിന് ജനങ്ങൾക്ക് പരോക്ഷമായും ഈ പദ്ധതി പ്രയോജനപ്രദമായതിനാൽ RFCTLARR ACT 2013 തൃശ്ശൂർ ജില്ല കുന്നംകുളം താലൂക്ക് വേലൂർ വില്ലേജിൽ 110 കെ വി സബ്സ്റ്റേഷൻ നിർമ്മാണത്തിന് ആവശ്യമായ ഭൂമി നിയമപരമായി ഏറ്റെടുത്തു ജനങ്ങളുടെ ആശങ്കകൾ പരിഹരിച്ചു സമയബന്ധിതവും അഴിമതി രഹിതവും നിയോക്തമായ സുതാര്യമായ രീതിയിൽ നടപ്പിലാക്കി പൊതുജനങ്ങളുടെ ആവശ്യത്തിനായി കൊടുക്കണമെന്ന് വിദഗ്ധ സമിതി ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുള്ളതും, ആയതിനാൽ ഭൂമി നിയമപരമായി എത്രയും വേഗം ഏറ്റെടുത്തു നടപടി ക്രമങ്ങൾ പൂർത്തിയാക്കി ഈ പദ്ധതി ആരംഭിക്കണമെന്ന് വിദഗ്ധ സമിതി ശുപാർശ ചെയ്തിട്ടുണ്ട്.

സാമൂഹ്യ ആഘാത പഠന റിപ്പോർട്ടും വിദഗ്ധസമിതി റിപ്പോർട്ടും പരിശോധിച്ചതിൽ നിർദ്ദിഷ്ട ഏറ്റെടുക്കലിലേയ്ക്ക് യുക്തവും വിശ്വാസയോഗ്യവുമായ ഒരു പൊതു ആവശ്യമുണ്ടെന്നും അതാണ് നിർണ്ണയിക്കപ്പെട്ട ഭൂമിയുടെ ഏറ്റെടുക്കൽ നടപടി ആവശ്യമാക്കിത്തീർത്തതെന്നും പദ്ധതിയ്ക്കാവശ്യമായ ചുരുങ്ങിയ ഏരിയ മാത്രമേ ഏറ്റെടുക്കുന്നുള്ളൂവെന്നും ബോധ്യപ്പെട്ടിട്ടുണ്ട്.

മേൽസാഹചര്യത്തിൽ തൃശ്ശൂർ ജില്ലയിൽ കുന്ദംകുളം താലൂക്കിൽ വേലൂരിൽ ഒരു പുതിയ 110 കെവി സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനായി 142 സെന്റ് ഭൂമി നിർദ്ദിഷ്ട പദ്ധതിയ്ക്കായി ഏറ്റെടുക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതിന് RFCT LARR Act 2013 വകുപ്പ് 8 ലെ 1, 2 ഉപവകുപ്പുകൾ പ്രകാരം അനുവാദം നൽകി ഇതിനാൽ ഉത്തരാവാകുന്നു.

ഈ ഉത്തരവിന്റെ പകർപ്പ് വകുപ്പ് 8 ലെ 3-ാം ഉപവകുപ്പുപ്രകാരം നിഷ്കർഷിച്ചിട്ടുള്ള സ്ഥലങ്ങളിൽ പ്രസിദ്ധപ്പെടുത്തുന്നതിനും ചട്ടം 17 ലെ ഉപചട്ടം 2 പ്രകാരം ബാധിക്കപ്പെട്ട പ്രദേശത്ത് പ്രചാരത്തിലുള്ള ഒരു മലയാള ദിനപത്രത്തിൽ പ്രസിദ്ധീകരിക്കുന്നതിനുമുള്ള തുടർനടപടികൾക്കായി തൃശ്ശൂർ (എൽഎ) ജനറൽ സ്പെഷ്യൽ തഹസിൽദാരെ ചുമതലപ്പെടുത്തുന്നു.

DISTRICT COLLECTOR

സ്വീകർത്താവ്:ഃ

1. സ്പെഷ്യൽ തഹസിൽദാർ (എൽഎ), ജനറൽ , തൃശ്ശൂർ. (ബന്ധപ്പെട്ട സ്ഥലങ്ങളിൽ പ്രസിദ്ധപ്പെടുത്തിയ തിയ്യതി വിവരം റിപ്പോർട്ട് ചെയ്യുന്നതിനും മറ്റ് തുടർനടപടിക്കുമായി)

2. ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, കെ എസ് ഇ ബി , ട്രാൻസ്മിഷൻ സർക്കിൾ തൃശ്ശൂർ